5619
16/3/17

**കേരള സർക്കാർ**

**സംഗ്രഹം**

പഞ്ചായത്ത് ജീവനക്കാര്യം - കഠിനംകുളം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. ഐ. ഷമീം, യു.ഡി. ക്ലർക്ക് ശ്രീ. എസ്.ആർ. വിനോദ് എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.611/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 04.03.2017

===========================================================================

പരാമർശം: 1. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ 10/6/2015-ലെ ഇ 1/ (എസ്.സി.101/2017/റ്റിവിഎം)33535/2014 നമ്പർ കത്ത്

2. വിജിലൻസ് (ഡി) വകുപ്പിന്റെ 16/07/2015 ലെ 7595/ഡി3/2015/വിജി നമ്പർ കത്ത്

3. 18/11/2015-ലെ 539/ഇപിബി2/15/തസ്വഭവ നമ്പർ കുറ്റപത്രം

4. ശ്രീമതി ഐ.ഷമീം, ശ്രീ.എസ്.ആർ.വിനോദ് എന്നിവർ സമർപ്പിച്ച യഥാക്രമം 30/01/2016. 03/02/2016 തീയതികളിലെ എതിർവാദ പത്രികകൾ

5. പഞ്ചായത്ത് ഡയറക്ടറുടെ 4/8/20162016-ലെ ഡി3-141975/15 നമ്പർ കത്ത്

**ഉത്തരവ്**

കഠിനംകുളം ഗ്രാമപഞ്ചായത്തധികൃതർ അനധികൃതമായി മണൽഖനനത്തിന് അനുമതി നൽകി എന്ന പരാതിയെത്തുടർന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ 21/03/2015-ൽ നടത്തിയ ആകസ്മിക പരിശോധനയുടെ റിപ്പോർട്ട് പരാമർശം (1) പ്രകാരം സമർപ്പിച്ചത് പരാമർശം (2) പ്രകാരം സർക്കാരിൽ ലഭ്യമാക്കിയിരുന്നു. ടി അന്വേഷണത്തിൽ പഞ്ചായത്ത് ഓഫീസിൽ ഫയലുകൾ സൂക്ഷിക്കുന്നതിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തുകയും അതിന് കാരണക്കാരായ ശ്രീ.എസ്.ആർ. വിനോദ്, യു.ഡി. ക്ലർക്ക്, ശ്രീമതി. ഐ. ഷമീം, മുൻ സെക്രട്ടറി എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ ശുപാർശ ചെയ്യുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ടി ഉദ്യോഗസ്ഥർക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷയ്ക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ ആരംഭിക്കുകയും ടി കുറ്റപത്രത്തിന് ടി ഉദ്യോഗസ്ഥർ പരാമർശം (4) പ്രകാരം എതിർവാദപത്രികകൾ സമർപ്പിക്കുകയും അതിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തു.

പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കഠിനംകുളം ഗ്രാമപഞ്ചായത്തിൽ 6/1/2012-ലാണ് ശ്രീമതി. ഷമീം സെക്രട്ടറിയായി ജോലിയിൽ പ്രവേശിച്ചതെന്നും 17/12/2013 വരെയുള്ള കാലയളവിൽ ടിയാൾ ടി ഓഫീസിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്നുവെന്നും പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് രേഖപ്പെടുത്തി വാങ്ങുകയും അത് സെക്രട്ടറി അംഗീകരിച്ച് നൽകുകയുമാണ് ചെയ്യുന്നതെന്നും താൻ ജോലി ചെയ്തിരുന്ന കാലയളവിൽ ഫയൽനോട്ട് കൃത്യമായി എഴുതി അംഗീകരിച്ചതിനുശേഷമായിരുന്നു നടപടി എടുത്തിരുന്നതെന്നും തന്റെ കാലയലവിനുശേഷം സംഭവിച്ചിട്ടുള്ള വീഴ്ചകൾക്ക് താൻ ഉത്തരവാദിയല്ലെന്നുമുള്ള വാദം വാദം സാധൂകരിക്കാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കഠിനംകുളം ഗ്രാമപഞ്ചായത്തിൽ 3/5/201-ലാണ് ശ്രീ. വിനോദ് സീനിയർ ക്ലർക്കായി ജോലിയിൽ പ്രവേശിക്കുന്നതെന്നും 19/7/2013 വരെയുള്ള കാലയളവിൽ ടിയാൻ കെട്ടിട നിർമ്മാണ പെർമിറ്റ്, തൊഴിൽ നികുതി. വിനോദ നികുതി എന്നീ സെക്ഷനുകൾ കൈകാര്യം ചെയ്തുവന്നിരുന്നതായി പരിശോധനയിൽ കാണുകയുണ്ടായെന്നും . 20/7/2013-ൽ ഹെഡ് അക്കൗണ്ടന്റായി സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ടിയാൻ ടി പഞ്ചായത്തിൽനിന്ന് വിടുതൽ ചെയ്തെന്നും കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷ പരിശോധിച്ചതിൽ

അപേക്ഷയുടെ പുറകുവശത്ത് അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് എഴുതിയിട്ടുള്ളതായും അത് സെക്രട്ടറി അംഗീകരിച്ച് ഒപ്പ് വച്ചിട്ടുള്ളതായും കാണുകയുണ്ടായെന്നും ശ്രീ. വിനോദിന്റെ ഭാഗത്ത് പിഴവുകളൊന്നും ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീമതി. ഷമീമിന്റെയും ശ്രീ. വിനോദിന്റെയും എതിർവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഫയൽ കൈകാര്യം ചെയ്തതിൽ ടി ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലെന്ന പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടിയാളുകൾക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽനിന്ന് ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീമതി. ഐ. ഷമീം , മുൻ സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത്
2. ശ്രീ. എസ്.ആർ.വിനോദ്, മുൻ യുഡി ക്ലാർക്ക്, കഠിനംകുളം ഗ്രാമപഞ്ചായത്ത്
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

} പഞ്ചായത്ത് ഡയറക്ടർ മുഖേന

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
6. വിജിലൻസ് വകുപ്പ് (18/01/2017-ലെ 14200/ഡി3/16/വിജി നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം )
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.569/ഇപിബി2/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ